GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/09/2026

1. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി കർഷക സുരക്ഷ വന്യമൃഗ സംഘർഷ ലഘൂകരണ കോൺക്ലേവ് ഇന്ന് സെപ്റ്റംബർ 29 ന് കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ വെച്ച് സംഘടിപ്പിക്കുന്നു. വനം വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ പരിപാടി ഉദ്ഘാടനം ചെയ്യും. കർഷക സുരക്ഷ ഉറപ്പാക്കാനും വന്യജീവി ആക്രമണങ്ങൾ മൂലമുള്ള പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാരങ്ങൾ കണ്ടെത്താനുമായി കർഷക സുരക്ഷ-വന്യജീവി സംഘർഷ ലഘൂകരണ സംസ്ഥാനതല കോൺക്ലേവ് തിരുവമ്പാടി സേക്രഡ്

ഹാർട്ട് ചർച്ച് പാരിഷ് ഹളിൽ  രാവിലെ 10 മുതൽ വൈകുന്നേരം 5.00 മണി വരെയാണ് സംഘടിപ്പിക്കുന്നത്.

2. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) യുടെ 25–ാമത് വാർഷിക പൊതുയോഗവും അവാർഡ് ദാനവും സെപ്റ്റംബർ 30 ന് തിരുവനന്തപുരം ജില്ലയിലെ ഇടപ്പഴഞ്ഞിയിലുള്ള അളകാപുരി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്നു. വിവിധ ജില്ലകളിൽ നിന്നുമുള്ള വി.എഫ്.പി.സി.കെ ഓഹരി ഉടമകളായ 800 ഓളം കർഷകർ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കും. രാവിലെ 10 ന് അളകാപുരി കൺവെൻഷൻ സെന്ററിൽ വച്ച് നടക്കുന്ന സമ്മേളനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ദിഖ് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്യും, കൗൺസിലിൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നതുമാണ്.

3. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ 2026 –27 വർഷത്തിൽ " **കാർഷികകേരളം പുതുയുഗപ്പിറവിയിലേക്ക്"** എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഫാം ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ഹൈടെക് കൃഷിരീതികൾ, നൂതന

സാങ്കേതികവിദ്യകൾ, പുതുസംരംഭങ്ങൾ, സംഘകൃഷി തുടങ്ങിയ കാർഷികമേഖലയുടെ വിവിധ തലങ്ങൾ എന്നിവ ആസ്പദമാക്കിയുള്ള ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്. കുറഞ്ഞത് 300 DPI ഉം ഫയൽ സൈസ് കുറഞ്ഞത് 3 MB യും വേണം. പ്രായഭേദമന്യേ എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ അയ്ക്കാം. എഡിറ്റ് ചെയ്ത ഫോട്ടോകൾ പരിഗണിക്കുന്നതല്ല. മുൻ വർഷം സമർപ്പിച്ച എൻട്രികൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. എൻട്രികളിൽ നിന്നും ലഭിക്കുന്ന ഫോട്ടോകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒന്നാം സമ്മാനം 20,000/-, രണ്ടാം സമ്മാനം 10,000/-, മൂന്നാം സംമ്മാനം ₹5,000/-, പ്രോത്സാഹന സമ്മാനം ₹1,000/- വീതം 10 പേർക്ക് എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, farmphotography2026@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ  സെപ്റ്റംബർ 30 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

4. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഒക്ടോബർ 05 മുതൽ 09 വരെയുള്ള തീയതികളിൽ **'ക്ഷീരസംരംഭകത്വം ശാസ്ത്രീയ പശുപരിപാലനത്തിലൂടെ'** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ പരിശീലനത്തിനു എത്തുമ്പോൾ ആധാർകാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഒക്ടോബർ 3 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി 0471-2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കുമ്പളങ്ങി കൃഷിഭവനിൽ ഒരുലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദിനപദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർ അംഗത്വം പുതുക്കുന്നതിന് ആധാർക്കാർഡ്, ബാങ്ക് പാസ് ബുക്ക്, സ്കൂൾ സർട്ടിഫിക്കറ്റ്, അംഗത്വബുക്കും ആധാർ ലിങ്ക് ചെയ്തിട്ടുള്ള ഫോൺ എന്നിവയുമായി സെപ്റ്റംബർ 30 ന് മുമ്പായി കൃഷിഭവനിൽ എത്തണം.

അംഗത്വം പുതുക്കാത്തവർക്ക് ആനുകൂല്യം ലഭിക്കുന്നതല്ലെന്ന് ഓഫീസർ അറിയിച്ചു.

6. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മണ പരിശീലന വികസന കേന്ദ്രത്തിൽ വെച്ച് ഒക്ടോബർ 05 മുതൽ 09 വരെ യുള്ള തീയതികളിൽ ക്ഷീരസംരംഭകത്വം ശീസ്ത്രീയ പശു പരിപാലനത്തിലൂടെ എന്ന വിഷയത്തിൽ പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ക്ഷീരവികസന ബ്ലോക്ക് ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈനായി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ ഒക്ടോബർ 3 ന് വൈകുന്നേരം 5 മണിക്ക് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി

8089391209, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

7. ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റ്ലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാട ശേഖരത്തിനും, നെല്ലിനത്തിനും, ഭൂമിരീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.